(സി) ഉണ്ടെങ്കിൽ ഗവണ്മെൻറു തൽസംബന്ധമായി എന്തെങ്കിലും ചെയ്തിട്ടുണ്ടോ?

HON'BLE MR. K. R. ELANKATH : (എ) ഉണ്ടായിരുന്നു. പക്ഷേ ഒരു കേസായിട്ടേ ഉള്ളൂ. (ബി) ഉണ്ട്. (സി) വേണ്ടതുപോലെ നടപടിയെടുത്തുവരുന്നുണ്ട്.

MR. V. MADHAVAN : എന്തു നടപടിയാണ് നടത്തിയിട്ടുള്ളത്?

HON'BLE MR. K. R. ELANKATH : സ്ഥലം പൊന്നുംവില കൊടുത്തു എടുക്കേണ്ടതിനെപ്പറ്റി വേണ്ട നടപടികൾ നടത്തിക്കൊണ്ടിരിക്കുന്നു.

തലയോലപ്പറമ്പിൽ പാലാങ്കടവിലെ വെള്ളപ്പൊക്കം.

*71 MR. V. MADHAVAN : താഴെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വൈക്കംതാലൂക്കിൽ തലയോലപ്പറമ്പു ചന്തയിൽ നിന്നും പാലാങ്കടവിലേക്ക് എത്ര ദൂരമുണ്ട്?

(ബി) ചന്തമുതൽ പാലാങ്കടവുവരെയുള്ള റോഡ് വർഷകാലത്തു് വെള്ളം കേറി മൂടിപ്പോകാറുണ്ടോ?

(സി) ഈ ചന്തയുടെ വള്ളക്കടവു് പാലാങ്കടവല്ലേ?

(ഡി) വർഷകാലത്തു് പ്രസ്തുത വള്ളക്കടവിൽ നിന്നും സാമാനങ്ങൾ ചന്തയിലേക്കു് കൊണ്ടുപോകുന്നതിനും മറ്റും ബുദ്ധിമുട്ടുണ്ടാകുന്നില്ലേ?

(ഇ) പ്രസ്തുത റോഡിൽ എത്രയടി ഉയരത്തിൽ വെള്ളം പൊങ്ങാറുണ്ടെന്നു് പരിശോധിച്ചിട്ടുണ്ടോ?

(എഫ്) ആ റോഡു് കുറച്ചുകൂടി പൊക്കുന്നപക്ഷം ഈ ബുദ്ധിമുട്ടു് പരിഹരിക്കാവുന്നതാണോ?

HON'BLE MR. K. R. ELANKATH : (a) 3 furlongs
(b) Yes.
(c) Yes.
(d) Yes.
(e) Yes, up to 3 ft. water during ordinary floods.
(f) Yes.

വള്ളക്കുളത്തിന്റെ ആവശ്യം.

*72. MR. V. MADHAVAN : താഴെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പു മന്ത്രി സദയംമറുപടി നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

(എ) വൈക്കം താലൂക്കിൽ കുറുപ്പന്തുറ ചന്തയുടെ ആവശ്യത്തിന് ഒരു വള്ളിക്കളം വേണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടിട്ടില്ലേ?

(ബി) ഉണ്ടെങ്കിൽ അതിനു എന്തു നടപടി എടുത്തിട്ടുണ്ട്?

HON,BLE MR. K. R. ELANKATH : ഉണ്ട്.

(ബി) അതിന്റെ എസ്റ്റിമേറ്റ് അനുവദിച്ചിട്ടുണ്ട്.

MR. V. MADHVAN: ഈ എസ്റ്റിമേറ്റ് സാംഗ്ഷനായിട്ടു എത്ര നാളായി എന്നറിയാമോ?

HON'BLE MR. K. R. ELANKATH: 7-10-1948-ൽ.

Transfer of Mr. Stephen Netto.

* 73. MR. MOHAMMED MUSTAFA (*Pathanapuram—Muslim*): Will the Hon'ble Minister for Army be pleased to state:

(*a*) whether Mr. Stephen Netto, now District Registrar was manager in the State Forces Commandant's Office:

(*b*) if so, whether he was transferred from there to the Chief Engineer's Office, as Manager;

(*c*) the reasons for such a transfer;

(*d*) whether that transfer was due to any complaint against him; and

(*e*) if so, the nature of the complaint?

HON'BLE MR. A. J. JOHN: (*a*) Yes.

(*b*) He was transferred to the Chief Engineer's Office as Acting Superintendent (not as Manager).

(*c*) No special reason.

(*d*) and (*e*) Do not arise in view of answer to (*c*).

MR. P. BALAKRISHNAN TAMPI (*Mavelikara III—General*): May I know when this was done; how many years ago?

HON'BLE MR. A. J. JOHN: On 15-1-1957.

ആശുപത്രികളിലെ മരുന്നും ഭക്ഷണവും.

74. MISS ACCAMMA CHERIYAN(*Changanacherry I—General*): താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) ആശുപത്രികളിൽ ആവശ്യത്തിനുള്ള മരുന്നും, കിടത്തി ചികിത്സിക്കുന്ന രോഗികൾക്കു വേണ്ട ഭക്ഷണസാധനങ്ങളും ലഭിക്കുന്നില്ലെന്ന് പരാതികൾ ലഭിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly